THE MAYYANAD REGIONAL CO-OPERATIVE BANK Ltd. No. 94

**ദി മയ്യനാട്**
**റീജിയണൽ സഹകരണ**
**ബാങ്ക്.** ക്ലിപ്തം നമ്പർ. 94

ക്ലാസ്സ് 1 സൂപ്പർഗ്രേഡ് ബാങ്ക്

മയ്യനാട്. പി.ഒ, കൊല്ലം-691303
ഫോൺ. 0474 2555265, 2555350
www.mayyanadrcbank | mrcbmailbox@gmail.com

ബ്രാഞ്ചുകൾ
ഇരവിപുരം . 0474 2726226 | കൊട്ടിയം . 0474 2533353 | തട്ടാമല . 0474 2723265 | മുക്കം . 0474 2555032
ചകിരിക്കട . 0474 2727275 | Extension Counter (HSS Mayyanad)

# പൊതുയോഗ അറിയിപ്പ്

മാന്യ അംഗങ്ങളെ

മയ്യനാട് റീജിയണൽ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 94-ന്റെ 2019-20 വർഷത്തെ വാർഷിക പൊതുയോഗം 2019 ഡിസംബർ മാസം 7-ാംതീയതി ശനിയാഴ്ച വൈകിട്ട് 3 മണിക്ക് മയ്യനാട് ആർ.സി ബാങ്ക് ആഡിറ്റോറിയത്തിൽ വച്ച് പ്രസിഡന്റ് ശ്രീ.എ.മാധവൻ പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടുന്നു.എല്ലാ അംഗങ്ങളും കൃത്യമായി പങ്കെടുക്കണമെന്നറിയിക്കുന്നു.

ഭരണസമിതിക്കുവേണ്ടി

ആജ്ഞാനുസരണം
( ഒപ്പ് )
ചീഫ് എക്സിക്യൂട്ടീവ്

മയ്യനാട്
18.11.2019

## കാര്യപരിപാടികൾ

1. സ്വാഗതം
2. ഉപക്രമം
3. പൊതുയോഗ നോട്ടീസ് വായിച്ച് അംഗീകരിക്കുക.
4. കഴിഞ്ഞ പൊതുയോഗ നടപടികൾ വായിച്ച് അംഗീകരിക്കുക.
5. 2018-2019 വർഷത്തെ പ്രവർത്തന റിപ്പോർട്ട്,വരവ് - ചെലവ് കണക്ക് വ്യാപാര കണക്ക്,ലാഭ-നഷ്ട കണക്ക്, 31.03.2019 ലെ ബാക്കി പത്രം
6. 2018-2019 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ്
7. 2018-2019 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ്
8. 2018-2019 വർഷത്തെ ലാഭവിഭജനം
9. 2020-2021 വർഷത്തെ ബഡ്ജറ്റ്.
10. ബൈലാ ഭേദഗതി
11. വിദ്യാഭ്യാസ അവാർഡ് വിതരണം.
12. പ്രസിഡന്റ് അനുവദിക്കുന്ന ഇതരവിഷയങ്ങൾ
13. കൃതജ്ഞത.

## പ്രത്യേക അറിയിപ്പ്

(1) സഹകരണ നിയമവും ബാങ്ക് നിയമാവലി പ്രകാരവും പൊതുയോഗ അറിയിപ്പ് പത്രപ്പരസ്യം മുഖേന നൽകിയിട്ടുണ്ട്.പൊതുയോഗ നോട്ടീസ് 2018-19 പ്രവർത്തന റിപ്പോർട്ട്, വരവ് - ചെലവ് കണക്ക്,വ്യാപാര കണക്ക്, ലാഭ-നഷ്ട കണക്ക് , 31.03.2019 ലെ ബാക്കിപത്രം, സപ്ലിമെന്ററി ബഡ്ജറ്റ്, 2020 -21 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ എന്നിവ അംഗങ്ങൾക്ക് തപാലിൽ അയയ്ക്കുന്നതല്ല.എന്നാൽ ഇവയുടെ അച്ചടിച്ച കോപ്പി ബാങ്ക് പ്രവൃത്തി ദിവസങ്ങളിൽ 10 മണിമുതൽ 5 മണി വരെ സമയങ്ങളിൽ ബാങ്ക് ഹെഡാഫീസിലും ബ്രാഞ്ചുകളിലും ലഭ്യമാണ്.

(2) പൊതുയോഗത്തിൽ ചർച്ചചെയ്യേണ്ട പ്രമേയങ്ങൾ ഉത്തരം ലഭിക്കേണ്ട ചോദ്യങ്ങൾ എന്നിവ 04/12/2019 ന് വൈകിട്ട് 4 മണിക്ക് മുമ്പായി ചീഫ് എക്സിക്യൂട്ടീവ് ലഭിച്ചിരിക്കേണ്ടതാണ്.

(3) ബാങ്ക് അംഗങ്ങളുടെ മക്കളിൽ 2018-19 വർഷത്തെ എസ്.എസ്.എൽ.സി പ്ലസ് ടു ( സ്റ്റേറ്റ് സിലബസ് ) സി.ബി.എസ്.ഇ, പത്താം ക്ലാസ് പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്ക് ബാങ്ക് ഭരണ സമിതി അംഗമായിരിക്കെ അന്തരിച്ച ശ്രീ.സിദ്ധാർത്ഥന്റെ സ്മരണക്കായി നൽകുന്ന ക്യാഷ് അവാർഡും ബാങ്കിലെ ജീവനക്കാരനായിരുന്ന അന്തരിച്ച ശ്രീ.ശുഭകുമാറിന്റെ സ്മരണാർത്ഥം സി.ബി.എസ്.ഇ, പ്ലസ് ടു പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ ഒരു വിദ്യാർത്ഥിക്ക് ജീവനക്കാർ ഏർപ്പെടുത്തിയ ക്യാഷ് അവാർഡിനും പ്രശസ്തിപ്പത്രത്തിനുമുള്ള അപേക്ഷകൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 04/12/2019 വൈകിട്ട് 4 മണിക്ക് മുമ്പായി ചീഫ് എക്സിക്യൂട്ടീവിന് ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷയിൽ അംഗനമ്പർ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

## ബൈലാ ഭേദഗതി

നൂറ് വർഷം മുൻപ് രജിസ്റ്റർ ചെയ്ത ബാങ്കിന്റെ ബൈലാ വ്യവസ്ഥകളിൽ കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തുന്നതിനും അംഗങ്ങൾക്കും ഇടപാടുകാർക്കും കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് ബൈല **'N'** ബ്ലോക്ക് ഭേദഗതി ചെയ്യുന്നതിന് പൊതുയോഗത്തിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നു. നിർദ്ദിഷ്ഠ ഭേദഗതിയുടെ പകർപ്പ് ഹെഡ് ആഫീസിലും ബ്രാഞ്ചുകളിലും കൂടാതെ ബാങ്കിന്റെ www.mayyanadrcbank.com എന്ന വെബ് സൈറ്റിലും ലഭ്യമാണ്.